
2015 APRIL - JUNE

# GEORGIAN MIRROR

The Journal of Indian Orthodoxy




പാമ്പാടി തിരുമേനിയുടെ ഐക്കൺ

# പെന്തക്കോസ്തിപ്പെരുന്നാൾ

■ ഡോ. യൂഹാനോൻ മാർ മിലീത്തോസ് മെത്രാപ്പോലീത്ത

**പെ**ന്തക്കോസ്തിപ്പെരുനാൾ ദിവസത്തെ പ്രത്യേക ശുശ്രൂഷയുടെ മൂന്നാമത്തെ ക്രമത്തിന്റെ സുവിശേഷ വായനഭാഗം വി. യോഹന്നാൻ 16:1-5 ആണ്. പരിശുദ്ധാത്മ ദാനത്തെക്കുറിച്ച് യേശുവിന്റെ വാഗ്ദാനമാണ് ഈ ഭാഗത്തെ വിഷയം. സുവിശേഷത്തിന്റെ ഗ്രീക്ക് മൂലത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് ഉപയോഗിക്കുന്ന വാക്ക് "പാറക്ലീത്തോസ്"എന്നാണ്. (വാക്യം 7). വിവിധ ഭാഷാന്തരങ്ങളിൽ കൗൺസലർ, ആശ്വാസപ്രദൻ, അഭിഭാഷകൻ, കാര്യസ്ഥൻ എന്നൊക്കെ പ്രയോഗിച്ചു കാണുന്നു. ഓർത്തഡോക്സ് ബൈബിൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് സഹായകൻ എന്നാണ്. സുറിയാനി വേദപുസ്തകത്തിലാകട്ടെ, ഭാഷാന്തരത്തിനു മുതിരാതെ ഗ്രീക്ക് പദം അതേപടി എടുത്ത് ചേർത്തിരിക്കുന്നു. ഏതായാലും മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിന്റെ അർത്ഥതലങ്ങളിലൂടെ കടന്ന് അതിന്റെ പ്രസക്തിയെക്കുറിച്ച് ചിന്തിക്കുക എന്നതാണ് ഈ ചെറുലേഖനത്തിന്റെ ഉദ്ദേശ്യം.

വിവിധ ഭാഷാന്തരങ്ങളിൽ ചെറിയ തോതിലെങ്കിലും അർത്ഥവ്യതിയാനം തോന്നുന്ന പദങ്ങൾ ഉപയോഗിച്ചിരിക്കുന്നതിൽനിന്ന് മൂലഭാഷയിൽ വി. യോഹന്നാൻ പ്രയോഗിച്ചിരിക്കുന്ന പദത്തിന്റെ ആശയസമൃദ്ധി എത്ര സമ്പന്നമാണെന്ന വാസ്തവം പ്രകടമാകുന്നു എന്നു കരുതാവുന്നതാണ്. അത്ര എളുപ്പത്തിൽ ഭാഷാന്തരം നടത്തുവാൻ സാധിക്കാത്ത ഒരു പദം ആണ്. "പാറക്ലീത്തോസ്" എന്നു കൂടെ ഇവിടെ വ്യക്തമാകുന്നു. വി. യോഹന്നാൻ 15:26 ലും ഇതേ വാക്കു തന്നെ ഉപയോഗിക്കുന്നുണ്ട്. പെന്തക്കോസ്തിയുടെ സന്ധ്യാ നമസ്കാരത്തിലെ സുവിശേഷ വായനയിൽ യേശു "സത്യത്തിന്റെ ആത്മാവിനെക്കുറിച്ച് സംസാരിക്കുന്നു. (14:16) സത്യത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവ് തന്നെയാണ്. 14-ാം അധ്യായം മുഴുവനും വായിക്കുമ്പോൾ പിതാവായ ദൈവവും പുത്രനായ ദൈവവും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതാണെന്നും ആ ബന്ധം "പാറക്ലീത്തോസുമായിട്ട് എങ്ങനെയാണ് നിലനിൽക്കുന്നതെന്നും യേശു വിശദമാക്കുന്നതായി കാണാം. "പാറക്ലീത്തോസിനെ' നൽകുന്നത് പുത്രനാണെങ്കിലും അത് പുറപ്പെടുന്നത് പിതാവിൽനിന്നാണ് (14:16) ഈ വാക്യം നമ്മുടെ നിഖ്യാ - കുസ്തന്തീനോപോലീസ് വിശ്വാസ പ്രമാണത്തിന്റെ സാധുത സ്പഷ്ടമാക്കുന്നതാണ്. അതായത് പരിശുദ്ധാത്മാവ് "പിതാവിൽനിന്ന് പുറപ്പെടുന്നു"; അല്ലാതെ പാശ്ചാത്യസഭകൾ വാദിക്കുന്നതുപോലെ പരിശുദ്ധാത്മാവ് "പിതാവിൽനിന്നും പുത്രനിൽനിന്നും" അല്ല പുറപ്പെടുന്നത്. എന്നാൽ, തീർച്ചയായും നമ്മൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നത് പുത്രനിൽനിന്നു തന്നെയാണ്.

"പാറക്ലീത്തോസ്" പരിശുദ്ധാത്മാവു തന്നെ ആയതിനാൽ ഇന്നത്തെ നമ്മുടെ 'പാറക്ലീത്തോസിനെ'ക്കുറിച്ചുള്ള ചിന്തകൾ പരിശുദ്ധാത്മാവിനെക്കുറിച്ചു തന്നെയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ "പാറക്ലീത്തോസ്" അർത്ഥസമ്പുഷ്ടതയാൽ സമ്പന്നമായ ഒരു പദമാണ്. അത് സഹായിക്കുന്നു, ആശ്വസിപ്പിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു, മദ്ധ്യസ്ഥത വഹിക്കുന്നു, പ്രതിവാദം ചെയ്യുന്നു. ഒരമ്മ തന്റെ മക്കളെ ശ്രദ്ധയോടെ പരിപാലിച്ച് അവരുടെ വളർച്ചയിൽ സഹായിക്കുന്നതുപോലെയുള്ള പ്രക്രിയയിൽ "പാറക്ലീത്തോസ്" എന്ന വാക്ക് ഉപയോഗിക്കാവുന്നതാണ്. ആ ഒരാശയം വച്ചുനോക്കുമ്പോൾ നമ്മുടെ അനുദിനവളർച്ചയിൽ നമ്മളെ ശ്രദ്ധയോടെ പരിപാലിക്കുന്നത് "പാറക്ലീത്തോസ്" ആണെന്ന് നിസംശയം പറയുവാൻ സാധിക്കും. മനുഷ്യസമൂഹത്തിന്റെ വളർച്ച സത്യത്തിന്റെ നിറവിൽ മാത്രമായിരിക്കണം. എന്നാൽ ഇന്നു നാം കാണുന്ന നമ്മുടെ ചുറ്റുമുള്ള ലോകം അസത്യങ്ങളാൽ നിറഞ്ഞിരിക്കുന്നു എന്ന വൈരുദ്ധ്യം യേശുവിന്റെ നാളുകളിലെ യഹൂദ സമുദായ പ്രമാണികളുടെ പ്രവർത്തനശൈലിയുടെ ദൃഷ്ടാന്തം തന്നെയാണ്. ദൈവസാദൃശ്യം പ്രാപിക്കേണ്ട. ക്രിസ്ത്യാനി സത്യത്തിൽ വളരേണ്ടവനാണ്, കാരണം ദൈവം സത്യമാണ്. അവൻ ദൈവസൃഷ്ടിയായ പ്രപഞ്ചത്തെ അതിന്റെ സമ്പൂർണതയിലേക്ക് രൂപാന്തരപ്പെടുത്തുന്ന ദൈവിക പദ്ധതിയിൽ ഭാഗഭാക്കാകേണ്ടവനാണ്. സർപ്പത്തിന്റെ ദുഷ്പ്രചാരണത്തെയാണ് അവൻ ചെറുത്ത് തോൽപ്പിക്കേണ്ടത് (ഉല്പത്തി 3:4, 5) പെന്തക്കോസ്തിയുടെ ദിവസം പരിശുദ്ധാത്മാവിന്റെ പരിപാലനയിൽ വളർന്നുകൊള്ളാമെന്ന നമ്മുടെ വാഗ്ദാനത്തെ പുതുക്കുകയാണു ചെയ്യുന്നത്; സത്യത്തിൽ വളർന്ന് സത്യമായും ദൈവമക്കളായിത്തീർന്ന് ദൈവത്തോടൊപ്പം ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി അദ്ധ്വാനിക്കാം എന്നതാണ് നമ്മുടെ ഈ വാഗ്ദാനം. കർതൃപ്രാർത്ഥനയിൽ ദിനംപ്രതി ഇതു നാം ഏറ്റുപറയുന്നുമുണ്ട്.

'കൗൺസലർ' എന്ന പദത്തെ രണ്ടു തലത്തിൽ മനസ്സിലാക്കുവാൻ സാധിക്കും. ഒന്നാമത് ശരിയായ കാര്യങ്ങൾ നമുക്കു കാണിച്ചുതരുന്നു. രണ്ടാമത് നമ്മുടെ പ്രലോഭനങ്ങളിൽ നമുക്ക് ആശ്വാസം പകർന്നുതരുന്നു. ഈ ലോകജീവിതത്തിലെ പ്രാതികൂല്യങ്ങളിൽ ഇവ രണ്ടും നമുക്ക് ആവശ്യമാണ്. "ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കം ഉണ്ടാകും" (യോഹന്നാൻ 16:33) എന്ന് യേശു തന്റെ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നുണ്ട്. പ്രലോഭനത്തിന്റെയും ഞെരുക്കത്തിന്റെയും മധ്യേ വഴിതെറ്റി ഉഴലുവാനുള്ള സാധ്യതകൾ ഏറെയാണ്. തന്നെയുമല്ല, അത്തരം സാഹചര്യങ്ങൾ ഒരുവനെവിഷാദാവസ്ഥയിലേക്കോ മുഖ്യധാരയിൽനിന്നുള്ള ഒളിച്ചോട്ടത്തിലേക്കോ ഒക്കെ കൊണ്ടെത്തിച്ചേക്കാം. ഇവിടൊക്കെ നമുക്ക് സഹായം പകർന്നു തരുന്നത് "പാറക്ലീത്തോസ്" ആണ്. പെന്തക്കോസ്തി ദിവസം നമ്മിൽ പുതുക്കപ്പെടുന്ന പരിശുദ്ധാത്മാവ് ഓരോ സാഹചര്യത്തിലും നേർവഴി തിരിച്ചറിയുവാൻ തക്കവണ്ണം നമ്മെ ശക്തീകരിക്കുന്നു; കർത്താവ് കാണിച്ചുതരുന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ വേണ്ടുന്ന ഊർജ്ജസ്വലത പ്രദാനം ചെയ്യുന്നു; പ്രലോഭനങ്ങളിലും ഞെരുക്കങ്ങളിലും ധൈര്യം പകർന്നുതരുന്നു.

നമുക്ക് ഒരു മധ്യസ്ഥൻ കൂടിയാണ് "പാറക്ലീത്തോസ്." ഇവിടെയും രണ്ട് തലങ്ങൾ ഉണ്ട്. ഒന്ന്, ദൈവതിരുമുൻപാകെ, അതായത് പിതാവായ ദൈവസമക്ഷം നാം ഓരോരുത്തരെയും സമർപ്പിക്കുന്നു. കൂദാശകൾ എന്ന രഹസ്യങ്ങളുടെ അഥവാ മർമ്മങ്ങളുടെ ഓർത്തഡോക്സ് വേദശാസ്ത്രാനുസരണ നിർവചനങ്ങളുടെ പ്രസക്തി ഇവിടെ പ്രകടമാകുന്നു. പിതാവാം ദൈവസന്നിധിയിലേക്ക് പുത്രനിൽ കൂടെ പരിശുദ്ധാത്മാവിൽ കടന്നുചെല്ലുവാനുള്ള മുഖാന്തരങ്ങളാണ് കൂദാശകൾ. ദൈവതിരുമുൻപാകെ "പാറക്ലീത്തോസ്" നമുക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. രണ്ട്, "പാറക്ലീത്തോസ്" ലോകത്തിനും നമുക്കും ഇടയിൽ ഒരു മദ്ധ്യസ്ഥനാണ്. ആത്മാവാണ് യേശുവിനെ മരുഭൂമിയുടെ വിജനതയിലേക്ക് നയിച്ചത്, (ലൂക്കോസ് 4:1, 2) ലോകത്തിന്റെ വിവിധ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ നമുക്ക് ശരിയായ ധാരണയും വിവേചനവും തന്നു സഹായിച്ച് നമ്മളെ ഒരുക്കുന്നതും പരിശുദ്ധാത്മാവു തന്നെയാണ്. ദുഷ്ടതയെയും ദുഷ്ടശക്തികളെയും നേരിടുവാൻ പരിശുദ്ധാത്മാവ് നമ്മളെ സജ്ജരാക്കുന്നു.

"പാറക്ലീത്തോസ്" ഒരു അഭിഭാഷകൻ കൂടിയാണ്; ലോകത്തിനു മുൻപാകെ നിന്നുകൊണ്ട് നമുക്കു വേണ്ടി വാദിക്കുന്ന ഒരു അഭിഭാഷകൻ. തങ്ങളെ ചോദ്യം ചെയ്യുന്നവരോട് എങ്ങനെ, എന്ത് മറുപടി പറയണം, എങ്ങനെ പ്രതിരോധിക്കണം എന്ന് ഓർക്കുകയോ വേവലാതിപ്പെടുകയോ വേണ്ടാ എന്ന് യേശു തന്റെ ശിഷ്യരോട് പറഞ്ഞത് ഇവിടെ പ്രസക്തമാണ്. (വി. ലൂക്കോസ് 12:12) പരിശുദ്ധാത്മാവിന്റെ ഉപദേശം അനുസരിച്ച് മാത്രമാണ് ഓരോ സാഹചര്യങ്ങളെയും അഭിമുഖീകരിക്കേണ്ടത്. എന്നാൽ, നിർഭാഗ്യകരമെന്നു പറയട്ടെ, നാം നമ്മളെ നമ്മുടേതായ വിവേചനബുദ്ധിക്കു വിട്ടുകൊടുത്തുകൊണ്ട് തെറ്റായ ധാരണകളിൽ എത്തിച്ചേരുകയും വൈകാരികതയ്ക്ക് അടിമപ്പെട്ട് ശരിയല്ലാത്ത വഴിയിലൂടെ കാര്യങ്ങൾ കൊണ്ടുപോകുകയും ചെയ്യുന്നത് സർവ്വസാധാരണമാണ്; ഇതിനു പകരം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുവാൻ സാധിക്കുന്നത് എത്രയോ അനുഗ്രഹപ്രദമായിരിക്കും. ഇസ്കരിയോത്താ യൂദാസിന്റെ പരാജയത്തിനു കാരണം മേൽ പറഞ്ഞതു തന്നെയാണ്. പരിശുദ്ധാത്മാവ് എന്നും എപ്പോഴും സത്യത്തിന്റെ മാർഗ്ഗം മാത്രമാണു കാണിച്ചുതരുന്നത്. യഹൂദപ്രമാണികൾ യൂദാസിനു മുൻപാകെ ഒരു വഴി കാണിച്ചുകൊടുത്തപ്പോൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനു പകരം പണത്തോടുള്ള ആർത്തിയാലും അധികാരത്തോടുള്ള ഭ്രമത്താലും യഹൂദ പ്രമാണിമാർക്കു മുമ്പാകെ നേടിയെടുക്കുവാൻ സാധിക്കുന്ന സ്വീകാര്യതയാലും അവൻ നയിക്കപ്പെട്ടു (മത്തായി: 26). പത്രോസും ഇതിനോടു സമാനതയുള്ള ഒരു സാഹചര്യം അഭിമുഖീകരിക്കേണ്ടിവന്നു. സ്വന്ത ജീവനോടുള്ള അദമ്യ സ്നേഹത്താലും പടയാളികളാൽ പിടിക്കപ്പെട്ടേക്കുമോ എന്ന ഭയത്താലും അവൻ ഒരു വേലക്കാരിപ്പെണ്ണിനോട് കളവുപറഞ്ഞു. ഇന്നു നമുക്കു മുൻപാകെ, നമ്മുടെ ഇഹലോകജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളിയും ഇതുതന്നെയാണ്. ഇത്തരം അനുഭവങ്ങൾ നേരിടേണ്ടിവരുമ്പോൾ അവയെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടതെന്ന് വ്യക്തമായ ധാരണകൾ നമുക്ക് ഉണ്ടായിരിക്കണം. അത്തരം ധാരണകൾ നമ്മുടെ സ്വാർത്ഥേച്ഛയാലോ വികലമായ കാഴ്ചപ്പാടുകളാലോ രൂപപ്പെടുത്തുന്നതിനു പകരം ആത്മാവിൽ ബലപ്പെട്ട് സത്യത്തിൽ രൂപപ്പെടുത്തേണ്ടതാണ്. പെന്തക്കോസ്തിയുടെ ദിവസം നമ്മിൽ പുതുക്കപ്പെടുന്ന 'പാറക്ലീത്തോസ്' നമ്മളെ നയിക്കുവാൻ അനുവദിച്ചാൽ ഓരോ സാഹചര്യത്തിലും എങ്ങനെ പെരുമാറണം, എന്തു സംസാരിക്കണം എന്നൊക്കെയുള്ള ഉൾക്കാഴ്ചകൾ നമുക്ക് ലഭിക്കും.

"പാറക്ലീത്തോസിനെ" സ്വന്തമാക്കുവാൻ ആരാലും സാധ്യമല്ല, മറിച്ച് "പാറക്ലീത്തോസ്' നമ്മെ സ്വന്തമാക്കുകയാണ് ചെയ്യുന്നത്. ആത്മാവ് നമ്മുടെ നിയന്ത്രണത്തിനു വിധേയമല്ല. എന്നാൽ ആത്മാവാണ് നമ്മെ നിയന്ത്രിക്കുന്നത്. യോഹന്നാൻ 3:8 ൽ യേശു പറയുന്നത് വളരെ അർത്ഥഗർഭമാണ്: "കാറ്റ് അതിന് ഇഷ്ടമുള്ളേടത്തേക്ക്

ഊതുന്നു, അതിന്റെ ശബ്ദം നീ കേൾക്കുന്നുമുണ്ട്; എന്നാൽ അതു വരുന്നത് എവിടെനിന്ന്, എവിടേക്കു പോകുന്നു എന്ന് നീ അറിയുന്നില്ല; ആത്മാവിൽനിന്നു ജാതനായ എല്ലാവന്റെയും സ്ഥിതി ഇങ്ങനെയാകുന്നു." ആത്മാവിനെ നിയന്ത്രിക്കുവാൻ നമുക്കു സാധ്യമല്ല, എന്നാൽ ആത്മാവ് നമ്മെ നിയന്ത്രിക്കുവാൻ തക്കവണ്ണം നാം വിട്ടുകൊടുക്കണം. ഇവിടെ ഒരു പ്രധാനചോദ്യം ഉയർന്നുവരുന്നുണ്ട്. നമ്മുടെ ആരാധനകളും നമസ്കാരങ്ങളും അനുഷ്ഠാനങ്ങളും നമുക്ക് എത്രകണ്ട് പ്രയോജനകരമാണ് എന്ന ചോദ്യം വളരെ പ്രസക്തമാണ്. പരിശുദ്ധാത്മാവ് നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റിത്തരുവാൻ തക്കവണ്ണം നമുക്കുവേണ്ടി പ്രവർത്തിക്കുമോ, അതും നമ്മൾ എത്രകണ്ട് അനീതിയാൽ നിറയപ്പെട്ട് ദുഷ്ചിന്തകളാൽ നയിക്കപ്പെടുന്നവർ ആണെങ്കിലും? അത്തരം ഒരു അവസ്ഥയിൽ പരിശുദ്ധാത്മാവ് നമുക്കൊപ്പം നിൽക്കുമെന്ന് തോന്നുന്നില്ല. ആത്മാവ് നമ്മിൽ വസിച്ച് സജീവമായി നമ്മിൽ നിറയണമെന്നുണ്ടെങ്കിൽ പരിശുദ്ധാത്മാവ് നമുക്കു നൽകുന്ന, നമുക്കു മുൻപാകെ വയ്ക്കുന്ന ചട്ടങ്ങളും പ്രമാണങ്ങളും നമ്മൾ അനുസരിച്ചേ മതിയാകു. നമുക്കു മുൻപാകെ വയ്ക്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രമാണങ്ങളിൽ സർവപ്രധാനമായിട്ടുള്ളതാണ് സത്യം. ആത്മാവ് ദൈവത്തിൽനിന്നുള്ള ആത്മാവാണ്, അത് സത്യത്തിന്റെ ആത്മാവാണ്, ദൈവം സത്യമാണ് (യോഹന്നാൻ 4:23, 24). യേശു വീണ്ടും വീണ്ടും തന്റെ പല പ്രസ്താവനകളേയും സത്യവുമായി ബന്ധിപ്പിക്കുന്നത് നാം കാണുന്നുണ്ട്. പലപ്പോഴും "ഞാൻ സത്യമായും നിങ്ങളോടു പറയുന്നു...." എന്നുള്ള പ്രസ്താവനകൾ നാം വായിക്കുന്നുണ്ട്. യേശുവിന്റെ വചനങ്ങൾ സത്യമാണ്, കാരണം താൻ സത്യത്തിനും കർത്താവാണ്; താൻ സത്യത്തിന്റെ ആത്മാവിനെ നമുക്കായിട്ടു തന്നു. "തന്റെ സ്വന്തം ആലോചനയിൽനിന്നും സംസാരിക്കുന്നവൻ തനിക്കു തന്നെ മഹത്വം ആരായുകയാണ്; എന്നാൽ തന്നെ അയച്ചവന്റെ മഹത്വം ആരായുന്നവനോ, സത്യവാനാകുന്നു; അവനിൽ അനീതിയില്ല." (യോഹന്നാൻ 7:18) ഇന്ന് ത്രിയേക ദൈവം നമ്മളെ വിവിധ നിയോഗങ്ങളുമായി പറഞ്ഞയയ്ക്കുകയാണ്; "പാറക്ലീത്തോസ്" നമ്മിലേക്കു പകരപ്പെട്ടിട്ടുണ്ട്; പെന്തക്കോസ്തിയുടെ ആരാധനയിലൂടെ "പാറക്ലീത്തോസ്" നമ്മിൽ പുതുക്കപ്പെടുന്നു; നമ്മിൽ കാപട്യം ഇല്ല എന്ന് ധൈര്യമായി ഏറ്റുപറയുവാൻ ഇപ്പോൾ നമുക്കു സാധിക്കുമോ? ഇതാണ് ഇന്ന് നമ്മുടെ മുൻപിലുള്ള വെല്ലുവിളി.

GM